◆ ലേഖനം

ടി.വി മുഹമ്മദലി

# മധ്യകേരളത്തിലെ ഇസ്‌ലാമിക നവോത്ഥാനം

**മധ്യകേരളത്തിന്റെ** ഇസ്‌ലാമിക നവോത്ഥാന ചരിത്രം, ഇന്ത്യയിൽ ഇസ്‌ലാമിന്റെ ആഗമനത്തിന് കവാടം തുറന്നുകൊടുത്ത കൊടുങ്ങല്ലൂരുമായി കണ്ണിചേർന്നു നിൽക്കുന്നു. മാലികുബ്നു ദീനാറും സംഘവും കപ്പലിറങ്ങിയപ്പോൾ കൊടുങ്ങല്ലൂരിലെ രാജാക്കന്മാരും ബഹുജനങ്ങളും അവരെ സ്വീകരിച്ചു. ആ ഇസ്‌ലാമിക സംഘത്തിന്റെ മഹനീയ മാതൃകയിൽ ആകൃഷ്ടരായി പലരും ഇസ്‌ലാം സ്വീകരിച്ചു. മാത്രമല്ല, അവർക്ക് പള്ളി നിർമിക്കാൻ ഇടം നൽകി. തങ്ങളുടെ പെൺമക്കളെയും സഹോദരിമാരെയും അവർക്ക് വിവാഹം ചെയ്തുകൊടുത്തു. കൊടുങ്ങല്ലൂരിന്റെ ഈ വിശാലമനസ്കതയാണ് കേരളത്തിലങ്ങോളമിങ്ങോളം പള്ളികൾ ഉയരാനും ഇസ്‌ലാം പ്രചരിക്കാനും നിമിത്തം. ചേരമാൻ പെരുമാൾ ഇസ്‌ലാം സ്വീകരിക്കാൻ മക്കയിൽ പോയ ചരിത്രവും കൊടുങ്ങല്ലൂരിനുണ്ട്. ഇന്ത്യയിലെ ആദ്യത്തെ പള്ളിയും (ചേരമാൻ മസ്ജിദ്) ഇവിടെയാണ്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുകഴിഞ്ഞിരുന്ന ഇന്നാട്ടുകാർക്ക് ഇസ്‌ലാമിന്റെ ആഗമനം മരുപ്പച്ചയായി. ഏകദൈവവിശ്വാസത്തിലേക്ക് അവരുടെ മനസ്സുകൾ ഹഠാദാകർഷിച്ചു. ജാതീയ അസമത്വങ്ങളും ഉച്ചനീചത്വങ്ങളും അനുഭവിച്ചിരുന്നവർക്ക് ഇസ്‌ലാമിന്റെ സമത്വവും സാഹോദര്യവും സമൂഹത്തിൽ പദവിയും അന്തസ്സും നേടിക്കൊടുത്തു. സമൂഹത്തിലെ താഴെ തട്ടിലുള്ളവരും ഉന്നത ശ്രേണിയിലുള്ളവരും ഒരുപോലെ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടു. മാലികുബ്നു ദീനാറും സംഘവും സ്ഥാപിച്ച പള്ളികൾക്ക് പുറമെ പിന്നെയും പള്ളികൾ ഉയർന്നു. പള്ളികൾ കേന്ദ്രമാക്കി മഹല്ല് സംവിധാനങ്ങളുണ്ടായി. പള്ളികൾ ആരാധനാ കേന്ദ്രമെന്നതുപോലെത്തന്നെ സാമൂഹിക കൂട്ടായ്മയുടെയും വിധി-തീരുമാനങ്ങളുടെയും കേന്ദ്രങ്ങളുമായി. ഇതേത്തുടർന്നാണ് മഹല്ല് ഖാദിമാരെ ശരീഅത്ത് നിയമപ്രകാരം വിധിതീർപ്പ് നടത്താൻ അധികാരമുള്ളവരായി ബ്രിട്ടീഷ് ഭരണാധികാരികൾ നിയോഗിച്ചത്. ഓത്തുപള്ളികളും പള്ളിദർസുകളും മഹല്ലുകൾക്ക് കീഴിലെ സംരംഭങ്ങളായിരുന്നു. പള്ളിദർസുകൾ പണ്ഡിതന്മാരെ സംഭാവന ചെയ്തു.

പിന്നെപ്പിന്നെ മുസ്‌ലിംകളിൽ വ്യതിയാനങ്ങൾ തുടങ്ങി. ജീർണത പെരുകി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഗ്രസിച്ചു. അജ്ഞത വർധിച്ചു. ആദർശവും സദാചാരവും കൈമോശം വന്നു. ഇതര മതങ്ങളിലെ ആചാരങ്ങളും സമ്പ്രദായങ്ങളും വരെ പുണരാൻ തുടങ്ങി മുസ്‌ലിംകൾ. ശിർക്കും ബിദ്അത്തുകളും പ്രചാരം നേടി. ഖബ്ർപൂജകളും ചന്ദനക്കുട ഉത്സവങ്ങളും അരങ്ങേറി...

### മുസ്‌ലിം ഐക്യസംഘം

ഈ സാഹചര്യത്തിലാണ് പരിഷ്കരണത്തിന്റെ കാഹളധ്വനി മുഴക്കി 1922-ൽ കൊടുങ്ങല്ലൂരിൽ മുസ്‌ലിം ഐക്യസംഘം രൂപംകൊള്ളുന്നത്. കേരളത്തിലാകെ ഐക്യസംഘം ചലനങ്ങൾ സൃഷ്ടിച്ചു. വക്കം അബ്ദുൽ ഖാദിർ മൗലവിയുടെ ചിന്തയും കൊടുങ്ങല്ലൂരിലെ മണപ്പാടൻ കുഞ്ഞഹമ്മദ് ഹാജിയുടെ സംഘാടനവുമായിരുന്നു ഐക്യസംഘം പിറവിക്ക് പിന്നിലെ മുഖ്യ ഘടകങ്ങൾ. മലബാർ കലാപത്തെ തുടർന്ന് കൊടുങ്ങല്ലൂരിൽ അഭയം പ്രാപിച്ച കെ.എം മൗലവിയും മറ്റും സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ഒരു ദശകത്തിനകം എറിയാട്, ആലുവ, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, തിരൂർ, എറണാകുളം, തിരുവനന്തപുരം, മലപ്പുറം, കാസർകോട് എന്നിവിടങ്ങളിൽ ഐക്യസംഘം സമ്മേളനങ്ങൾ സംഘടിപ്പിച്ചു. കേരളത്തിനകത്തും പുറത്തുമുള്ള പണ്ഡിതന്മാരും നേതാക്കന്മാരും സമ്മേളനങ്ങളിൽ സംബന്ധിച്ചു. അത് ഒട്ടേറെ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് വഴിവെച്ചു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശക്തമായ പ്രവർത്തനങ്ങളുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പലതും നിലവിൽവന്നു. പുതിയ പ്രസിദ്ധീകരണങ്ങൾ ജന്മമെടുത്തു.

കൊടുങ്ങല്ലൂരിൽ ഐക്യസംഘത്തിന്റെ ആഹ്വാനത്തിന് നല്ല സ്വാധീനം ലഭിച്ചു. പരിഷ്കരണ പ്രവർത്തനങ്ങൾ മുറക്ക് നടന്നു. ആധുനിക വിദ്യാഭ്യാസത്തിന് പ്രോത്സാഹനമുണ്ടായി. കൊടുങ്ങല്ലൂരിൽ ഈ നവോത്ഥാനയത്നത്തിന്റെ സന്തതികളാണ് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, സീതി സാഹിബ് പോലുള്ള വ്യക്തിത്വങ്ങൾ. അവർ വ്യക്തിജീവിതത്തിൽ ഇസ്‌ലാമികത പുലർത്തുന്നവരും രാഷ്ട്രീയരംഗത്ത് മൂല്യവും വിശുദ്ധിയും കാത്തുസൂക്ഷിക്കുന്നവരുമായിരുന്നു. എങ്കിലും ആധുനിക വിദ്യാഭ്യാസം നേടിയവരിലധികപക്ഷവും വ്യക്തിജീവിതത്തിലും സാമൂഹികരംഗത്തും മതത്തിന് സ്ഥാനം നൽകാത്ത പരിഷ്കാരികളായി മാറി. അതേസമയം, മുസ്‌ലിംകളിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പണ്ഡിതന്മാരും അവരുടെ അനുയായികളും പ്രചാരണവും ബോധവത്കരണവും തുടർന്നുകൊണ്ടിരുന്നു. അതുവഴി ബിദ്അത്തുകൾ കുറഞ്ഞു. പക്ഷേ, സുന്നത്തുകൾ സ്ഥാപിക്കപ്പെട്ടില്ല. മതം അനുഷ്ഠാനങ്ങളിലും ചില്ലറ ആചാരങ്ങളിലും ഒതു

ങ്ങി. വിദ്യാസമ്പന്നരാകട്ടെ രാഷ്ട്രീയ, സാമൂഹിക തലങ്ങളിൽ നിർമത ദർശനങ്ങളെയാണ് പിന്തുടർന്നിരുന്നത്. സാധാരണക്കാരും ഈ വഴിയെ സഞ്ചരിച്ചു. ഈ ദശാസന്ധിയിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ആവിർഭാവം.

### ജമാഅത്തെ ഇസ്‌ലാമി

ജമാഅത്തെ ഇസ്‌ലാമിക്ക് നല്ല വേരോട്ടമാണ് കൊടുങ്ങല്ലൂർ മേഖലയിൽ ലഭിച്ചത്. ഐക്യസംഘം ഉഴുതുമറിച്ച മണ്ണ് ജമാഅത്തെ ഇസ്‌ലാമിക്ക് വളക്കൂറുള്ളതായി. നിരവധി പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ഐക്യസംഘത്തിന് പ്രത്യയശാസ്ത്ര അടിത്തറയിൽ ഒരാദർശ സമൂഹമായി മുസ്‌ലിംകളെ മാറ്റിയെടുക്കാനുള്ള അജണ്ടയുണ്ടായിരുന്നില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറേയൊക്കെ ഉന്മൂലനം ചെയ്യപ്പെട്ടെങ്കിലും സാമൂഹിക- രാഷ്ട്രീയ മേഖലകളിൽ മുസ്‌ലിംകൾ ആദർശദരിദ്രരായിരുന്നു. മുസ്‌ലിംകൾ ജീവിതത്തിന്റെ നാനാ മണ്ഡലങ്ങളിലും ഇസ്‌ലാമികാദർശം അവലംബിച്ച് പ്രവർത്തിക്കണമെന്ന തീരുമാനമോ നിർദേശങ്ങളോ ഐക്യസംഘത്തിനുണ്ടായിരുന്നില്ല. രാഷ്ട്രീയമായി ഏത് ചിന്താഗതി കൈക്കൊള്ളുന്നതിലും ഏത് പാർട്ടിയുടെ നേതൃത്വം അംഗീകരിക്കുന്നതിലും ഐക്യസംഘത്തിന് എതിർപ്പുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ മുസ്‌ലിംകൾ കോൺഗ്രസ്സുകാരും മുസ്‌ലിം ലീഗുകാരും കമ്യൂണിസ്റ്റുകാരുമായി പങ്കുവെക്കപ്പെട്ടു. മുതലാളിമാരും ഇടത്തരക്കാരും മുസ്‌ലിം ലീഗിലും കോൺഗ്രസ്സിലും, തൊഴിലാളികളും പാവപ്പെട്ടവരും കമ്യൂണിസ്റ്റ് പാർട്ടിയിലും അണിനിരന്നു. ആരാധനകളിലും വ്യക്തിജീവിതത്തിന്റെ ചില വശങ്ങളിലും പരിമിതമായ ഭാഗികമായ ഇസ്‌ലാമിനെപ്പറ്റി മാത്രമേ ജനങ്ങൾക്കറിയുമായിരുന്നുള്ളൂ. ഈ പശ്ചാത്തലത്തിലാണ്, ഇസ്‌ലാം ഒരു സമ്പൂർണ ജീവിതവ്യവസ്ഥയാണെന്ന സന്ദേശവുമായി ജമാഅത്തെ ഇസ്‌ലാമി രംഗപ്രവേശം ചെയ്യുന്നത്.

കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനമാരംഭിച്ച വേളയിൽതന്നെ ഇവിടെയും പ്രസ്ഥാന പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണത്തിനും മുമ്പേ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ ചിന്തകളാൽ സ്വാധീനിക്കപ്പെട്ട കുറച്ചാളുകൾ ഇവിടെയുണ്ടായിരുന്നു. അവർ, പ്രഥമ കേരള അമീർ വി.പി മുഹമ്മദലി ഹാജി പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിൽനിന്ന് തിരിച്ച് നാട്ടിലെത്തിയെന്നറിഞ്ഞപ്പോൾ അദ്ദേഹത്തെ എടയൂരിൽ പോയി ഇവിടേക്ക് കൂട്ടിക്കൊണ്ടുവന്നു. കൂളിമുട്ടം കാതിക്കോടാണ് ഇവിടത്തെ ആദ്യത്തെ പ്രാദേശിക ഘടകം നിലവിൽവന്നത്. കാതിക്കോട് പള്ളി കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. ഈ മേഖലയിൽ ജുമുഅ ഖുത്വ്ബ മലയാളത്തിൽ ആദ്യമായി തുടങ്ങിയത് ഈ പള്ളിയിലാണ്. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന വലിയത്ത് വീട്ടിൽ മുഹമ്മദുണ്ണി മുസ്‌ലിയാരും പുന്നിലത്ത് കുഞ്ഞുമുഹമ്മദ് സാഹിബുമാണ് എടയൂരിൽ പോയി ഹാജി സാഹിബിനെ കാതിക്കോട്ടേക്ക് കൊണ്ടുവന്നത്. മുഹമ്മദുണ്ണി മുസ്‌ലിയാരുടെ വീട് പ്രവർത്തനങ്ങളുടെ കേന്ദ്രമായി. ഓരോ തവണ ഹാജി സാഹിബ് ഇവിടെ വരുമ്പോഴും ദക്ഷിണ കേരളത്തിൽനിന്നുള്ള പല വ്യക്തികളും അദ്ദേഹത്തെ കാണാൻ എത്തുമായിരുന്നുവെന്ന് മുസ്‌ലിയാരുടെ മകൻ ഹസൻ മൗലവി ഓർമിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്ര പ്രചാരണം ഇളക്കിവിട്ട കുതൂഹലവും സ്വീകാരത്തിന്റെയും തിരസ്കാരത്തിന്റെയും അനുരണനങ്ങളും ത്യാഗോജ്ജ്വല പ്രവർത്തനങ്ങളുടെ ചരിത്രവും ഇവിടെനിന്ന് ആരംഭിക്കുന്നു.

(തുടരും)

tvmohamedali@yahoo.com